# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 275 | 23.03.2015 ൽ മറുപടിയ്ക്ക് |
|---|---|

**സംയോജിത ശിശുവികസന പരിപാടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എസ്.സുനിൽ കുമാർ<br>,, മുല്ലക്കര രത്നാകരൻ<br>ശ്രീമതി.ഗീതാ ഗോപി | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംയോജിത ശിശുവികസന പരിപാടിയിലൂടെ എന്തെല്ലാമാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) സംയോജിത ശിശുവികസന പദ്ധതി വഴി പൂരക പോഷകാഹാര പദ്ധതി, അയൺ ആന്റ് ഫോളിക് ആസിഡ് സപ്ലിമെന്റേഷൻ, ഹെൽത്ത് ചെക്കപ്പ് ആന്റ് റഫറൽ സർവ്വീസ്, ന്യൂട്രീഷൻ ആന്റ് ഹെൽത്ത് എഡ്യൂക്കേഷൻ, കൗൺസിലിംഗ് ഗൈഡൻസ് ഓൺ ഫാമിലി വെൽഫയർ, മെഡിസിൻ വിതരണം, പ്രീ-സ്കൂൾ കിറ്റുകൾ വിതരണം, സബല പദ്ധതി, ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന, കാര്യ കർത്ര ബീമ യോജന, സൈക്കോ സോഷ്യൽ സർവ്വീസസ് പദ്ധതി മുതലായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. |
| (ബി) ആറു വയസ്സിനു താഴെയുള്ള എത്ര ശതമാനം കുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) ആറു വയസ്സിനു താഴെ പ്രായമുള്ള 27,08,620 കുട്ടികളിൽ അങ്കണവാടി ഗുണഭോക്താക്കളായ 8,49,694 കുട്ടികൾക്ക്, അതായത് 31.37% കുട്ടികൾക്ക് ഐസിഡിഎസ്സ് പദ്ധതി മുഖാന്തിരമുള്ള ആനുകൂല്യങ്ങൾ ലഭിച്ചു വരുന്നു. ഗുണഭോക്താക്കളുടെ എണ്ണത്തിൽ ഓരോ മാസവും മാറ്റം വരുന്നതാണ്. |
| (സി) ദളിത് - ആദിവാസി - മത്സ്യബന്ധന വിഭാഗത്തിലെ കുട്ടികളിലാണ് ഏറ്റവും കൂടുതൽ പോഷകാഹാരക്കുറവ് അനുഭവപ്പെടുന്നതെന്ന് പഠന റിപ്പോർട്ടുകളിലുണ്ടോ;എങ്കിൽ വിശദമാക്കുമോ? | (സി) ദളിത്-ആദിവാസി-മത്സ്യബന്ധന വിഭാഗങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന "റൈറ്റ്സ്" എന്ന സംഘടന ടി വിഷയുമായി ബന്ധപ്പെട്ട് പഠനം നടത്തുകയുണ്ടായി. പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗുരുതര പോഷകാഹാരക്കുറവുള്ള 6 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്ക് കൂടുതൽ ശ്രദ്ധ നൽകി ഗുണകരമായ പോഷകാഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ഡി) സംയോജിത ശിശുവികസന പദ്ധതി വ്യാപകവും സാർവ്വത്രികവുമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ഡി) ഐസിഡിഎസ്സ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് ബോധവൽക്കരണ പരിപാടികൾ സ്വീകരിച്ചു വരുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ആറ് വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ ആരോഗ്യ പരിരക്ഷ, പോഷകാഹാരം, മുലയൂട്ടൽ, പോഷണനിലവാരം, വളർച്ചാ നിരീക്ഷണം, അനീമിയ പ്രതിരോധ കുത്തിവെയ്പ്, ആദ്യ 1000 ദിവസത്തിന്റെ പ്രാധാന്യം എന്നീ വിഷയങ്ങളിലാണ് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നത്. ഇതോടൊപ്പം ഐസിഡിഎസ്സ് പദ്ധതി സംബന്ധമായ വ്യാപകമായ ബോധൽക്കരണവും പ്രചാരണവും നടത്തുന്നു. ടി മേഖലകളിലെ വിദഗ്ധരെ കൊണ്ട് ജില്ലാതല ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.<br><br>2. ജില്ലാതലത്തിൽ ശിശുവികസന പദ്ധതി ഓഫീസർമാർ, സൂപ്പർവൈസർ, JPHN,LHI മാർ ഉൾപ്പടെ 50 പേരടങ്ങുന്ന 4 ബാച്ചുകളായി പരിശീലനം നൽകുന്നു.<br><br>3. പ്രോജക്ട് തലത്തിൽ 75 പേരടങ്ങുന്ന 2 ബാച്ചുകളിലായി വർക്കേഴ്സിന് പരിശീലനം നൽകുന്നു. ജില്ലാതലത്തിൽ പരിശീലനം ലഭിച്ച സി.ഡി.പി.ഒ, സൂപ്പർവൈസർ, JPHN,LHI മാർ വഴിയാണ് ടി പരിശീലനം നൽകുന്നത്. |

സെക്ഷൻ ഓഫീസർ